ശ്രീ. ഇ. പി. ഗോപാലൻ: ഡയറക്ടർ പേമെന്റ് നടപ്പാക്കുന്നകാര്യത്തിൽ സഹകാര്യമാനേജുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ കോളേജും ആയുർവ്വേദകോളേജും മാത്രമാണ് ഇനി ബാക്കിയുള്ളത്. ഈ രണ്ടുകൂട്ടരുടെയും കാര്യംകൂടെ പരിഗണിക്കാൻ എന്താണിത്ര താമസം?

ശ്രീ. കെ. പി പ്രഭാകരൻ: ബഹുമാനപ്പെട്ട മെംബറുടെ ആ അറിവു ശരിയല്ല. ഇനിയും ഡയറക്ടർ പേമെന്റ് നടപ്പിലാക്കിയിട്ടില്ലാത്ത അനവധി വിദ്യാഭ്യാസസ്ഥാപനങ്ങളും നമ്മുടെ സംസ്ഥാനത്തുണ്ട്. ഡിപ്ലോമാകോഴ്സ്മാത്രമേ ഇപ്പോൾ സഹകാര്യ മേഖലയിൽ നടത്തുന്ന കോളേജുകളിലുള്ളു. ഇതേ പാറേണിലുള്ള സഹകാര്യമേഖലവേറെയുമുണ്ട്. അതായത് ഐ. ടി. ഐ, ഇഞ്ചിനീയറിംഗ് മുതലായവ. ഇവിടെയൊന്നും ഡയറക്ടർപേമെന്റ് ആയിട്ടില്ല. ഇവിടെ ഡയറക്ടർപേമെന്റ് നടപ്പാക്കിയാൽ അത് ഇതുപോലെയുള്ള മറ്റു മേഖലകളെക്കൂടെ ബാധിക്കുമോ എന്നു പരിശോധിച്ച ശേഷം മാത്രമേ ഒരു അവസാന തീരുമാനമെടുക്കാൻ കഴിയുകയുള്ളു എന്നതാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ നിലപാട്.

ശ്രീ. എൻ. ഭാസ്കരൻ നായർ: സർ, ബഹുമാനപ്പെട്ട രാമകൃഷ്ണൻ ഇവിടെ പറഞ്ഞതു തെറ്റാണ്. കുറിച്ചി ഹോമിയോ കോളേജിൽ പുതുക്കിയ ശമ്പളസ്കെയിൽ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അതു ഗവൺമെന്റിനു ബോധ്യമില്ലേ?

ശ്രീ. കെ. പി. പ്രഭാകരൻ: ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ. മുൻപു കൊടുക്കാത്തതിന്റെ പേരിലാണ് സമരം നടന്നത്. 77-78-ലെയും 78-79-ലെയും കുടിശ്ശിക കൊടുക്കാത്തതുകൊണ്ടാണ് വീണ്ടും സമരം നടത്തിയത്. 17-11-78-നു ശേഷം കൊടുത്തുവരുന്നുണ്ട്. രണ്ടു ലക്ചറർമാരെ റെഗുലറൈസ് ചെയ്യാനുള്ള നിർദ്ദേശമുണ്ടായിരുന്നു, അതിനു ഗവൺമെന്റ് അപ്രൂവലും കൊടുത്തു.

ആശുപത്രികളിലെ അംഗീകൃത സ്റ്റാഫ് പാറേൺ

* 696 [757] ശ്രീ. എം. വി. രാഘവൻ:

,, എം. കെ. കൃഷ്ണൻ:

,, പി. വി. കുഞ്ഞിക്കണ്ണൻ:

,, പിണറായി വിജയൻ:

,, പി. കരുണാകരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആശുപത്രികളിലെ അംഗീകൃത സ്റ്റാഫ് പാറേൺ പ്രകാരമുള്ള ജീവനക്കാർ ഇല്ലാത്ത ആശുപത്രികളിൽ അവരെ നിയമിക്കാൻ എന്തെങ്കിലും നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, എന്തുകാരണത്താലെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ, ബി) അംഗീകൃത സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഗവൺമെന്റ് ആശുപത്രികളിലെല്ലാം തസ്തികകളും അനുവദിക്കുന്നത്. എന്നാൽ പുതുതായി കിടക്കകളും അനുവദിക്കുന്നതനുസരിച്ചും ഔട്ട്പേഷ്യന്റ്സിന്റെ എണ്ണം വർദ്ധിക്കുന്നതനുസരിച്ചും പുതുതായി വേണ്ട തസ്തികകളും സൃഷ്ടിക്കുന്നതിന് സാമ്പത്തിക പരിമിതിമൂലം പല പ്പോഴും ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. സാമ്പത്തിക ലഭ്യത അനുസരിച്ച് ഘട്ടംഘട്ടമായി വേണ്ടത്ര സ്റ്റാഫ് അനുവദിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

ശ്രീ. എം. കെ. കൃഷ്ണൻ: ഒരു സ്റ്റാഫ് പാറ്റേൺ ഗവൺമെന്റു അംഗീകരിച്ചിട്ടുണ്ട്. ബെഡ്ഡുകളുടെ എണ്ണം വർദ്ധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫിന്റെ എണ്ണവും വർദ്ധിക്കണമെന്നാണു നിശ്ചയിച്ചിട്ടുള്ളത്. ഈ സാമ്പത്തിക പരിഗണന വച്ചുകൊണ്ടാണെങ്കിൽ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചതെന്തിനാണ്?

ശ്രീ. കെ. പി. പ്രഭാകരൻ: ഇത്ര ബെഡ്ഡിനു ഇത്ര ആൾ എന്ന രീതിയിൽ ഒരു റേഷ്യോ ഉണ്ട്. ആ റേഷ്യോ അനുസരിച്ചാണ് അനുവദിച്ചിട്ടുള്ളത്. 1961-ൽ ആണ് ഈ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചത്. അതിനു ശേഷം ബെഡ്ഡുകളും വർദ്ധിച്ചുവരുന്നതനുസരിച്ച് ഉടനടി സ്റ്റാഫിനെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. പിന്നീടു മേക്കപ്പ് ചെയ്തുകൊണ്ടുവരികയാണ്. ഒറ്റയടിക്ക് ഇതെല്ലാം പൂർത്തിയാക്കണമെങ്കിൽ ഇപ്പോഴും സാധ്യമല്ല. അതിനുള്ളതുക ബഡ്ജറ്റിൽ കൊള്ളിച്ചിട്ടും ഇല്ല.

ശ്രീ. എം. കെ. കൃഷ്ണൻ: ബെഡ് വർദ്ധിക്കുമ്പോൾ അതിനനുസരിച്ച് ആവശ്യമായ സ്റ്റാഫിനെ കൊടുക്കുമെന്നാണല്ലോ 1961-ൽ ഗവൺമെന്റു തീരുമാനിച്ചത്. സ്വാഭാവികമായും അത് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ബെഡ്, അല്ലെങ്കിൽ ഔട്ട്പേഷ്യന്റ്സിന്റെ എണ്ണം വർദ്ധിക്കുമ്പോൾ അതിനനുസരിച്ച് സ്റ്റാഫിനെ കൊടുത്തില്ലെങ്കിൽ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുകയില്ലെന്ന് മനസ്സിലാക്കി ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ വേണ്ട ഏർപ്പാടുചെയ്യുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: വർദ്ധിക്കുന്നതനുസരിച്ച് കൊടുത്തുകൊണ്ടിരിക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്. പെട്ടന്ന് ഒറ്റയടിക്കു കൊടുക്കാൻ കഴിയാറില്ല. ഇപ്പോൾ മെഡിക്കൽകോളേജ് ആശുപത്രികളിലും ഡിസ്ട്രിക്ട് ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഈ പാറ്റേൺ അനുസരിച്ച് മിക്കവാറും കംപ്ലീറ്റായിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ കൊടുക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ശ്രീ. പി. കരുണാകരൻ: സർ. ഈ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഇന്നു നമ്മുടെ സംസ്ഥാനത്ത് പൂർണ്ണമായി നിയമനം നടന്നിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രിപറഞ്ഞു. നഴ്സുമാരെ വേണ്ടത്ര കിട്ടാത്തതുകൊണ്ടാണ് നിയമനം നടത്താത്തത് എന്നു പറയുകയുണ്ടായി. സംസ്ഥാന ആരോഗ്യവകുപ്പിൽ സ്റ്റാഫ് നഴ്സിന്റെ തസ്തികയിലേക്ക് പി. എസ്. സി. എപ്പോഴാണ് അവസാനമായി നിയമനം നടത്തിയത് എന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: എപ്പോഴാണെന്നുള്ള കൃത്യമായ ഡേറ്റ് എന്റെ കയ്യിൽ ഇല്ല. ഏതായാലും പി. എസ്. സി. ലിസ്റ്റിലുള്ള 70 പേർ കഴിഞ്ഞ പരീക്ഷയ്ക്ക് എഴുതിയിട്ടുണ്ട്. അവർ പാസ്സായി വരുന്ന മുറയ്ക്ക് അവരെ മുഴുവൻ സർവ്വീസിൽ എടുക്കാൻ വേണ്ട നിർദ്ദേശം കൊടുത്തിരിക്കുകയാണ്.

ശ്രീ. പി. കരുണാകരൻ: ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുതന്നെ പരീക്ഷ പാസ്സായി വന്ന നഴ്സിംഗ് വിദ്യാർത്ഥികളെ, പി. എസ്. സി. യുടെ സെലക്ഷൻ, വർഷങ്ങൾക്കു മുമ്പു നടന്നതു കൊണ്ട് ഇതുവരെയും പരീക്ഷയ്ക്കു ഇരുത്താൻ സാധിക്കാതെ വരികയും അവരെ എംപ്ലോയ്മെന്റു എക്സ്ചേഞ്ചുവഴി നിയമിക്കുകയും പിരിച്ചു വിടുകയും ചെയ്യുന്ന പതിവാണ് ഇന്നുള്ളത്. ഒരു ഭാഗത്തു നഴ്സ് ഇല്ലെന്നു പറയുമ്പോഴേത്തന്നെ ഈ രീതിയിൽ നഴ്സുമാർക്ക് പി. എസ്. സി. മുഖാന്തിരം അപ്പീയർ ചെയ്യാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് ഉള്ളത്. പി. എസ്. സി. മുഖാന്തിരം ഇത്തരം ആളുകളെ നിയമിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: പി. എസ്. സി. നിയമനം നടത്തണമെങ്കിൽ അതിന്റെ നിലവിലുള്ള കാളിഫിക്കേഷൻ അനുസരിച്ചു മാത്രമെ ചെയ്യുകയുള്ളൂ. ഇടക്കാലത്ത് നഴ്സുമാരുടെ കുറച്ചു ദൗർലഭ്യം ഉണ്ടായതിനു പ്രധാനമായകാരണം, വളരെയധികം ആളുകളെ വിദേശത്തു തൊഴിലിൽ ഏർപ്പെടാൻവേണ്ടി പോയതുകൊണ്ടും കുറച്ചുകാലം നഴ്സിംഗ് പരിശീലനം നിറുത്തിവച്ചതുകൊണ്ടും ആണ്. ഇപ്പോൾ വർഷംപ്രതി പരിശീലനം കൊടുത്തുവരികയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പി. എസ്. സി. മുഖാന്തിരം സ്ഥിരമായ സെലക്ഷൻ നടത്തുന്നതിനു കാളിഫിക്കേഷൻ ഒന്നും ചെയ്തു ചെയ്യാൻ കഴിയുകയില്ലെന്നു പറഞ്ഞു. സ്റ്റാഫിന്റെ അഭാവം കോട്ടയം മെഡിക്കൽ കോളേജിൽ കുമ്പഴ ബസ്സപകടത്തിൽപ്പെട്ട നൂറുകണക്കിനാളുകളെ ചെന്നപ്പോഴാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഫസ്റ്റ് ഗ്രേഡ് അറൻഡേഴ്സ് 60, സെക്കൻഡ് ഗ്രേഡ് അറൻഡേഴ്സ് 40, നഴ്സ് 40. ഇത്ര തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ ഒരൊറ്റ പോസ്റ്റിൽ പോലും നിയമനം നടന്നിട്ടില്ല. അതുപോലെതന്നെ ന്യൂറോ സർജ്ജൻ പോയിട്ട് രണ്ടു വർഷമായി. ട്യൂട്ടർ മാത്രമാണ് അവിടെ ഉള്ളത്. അസോസിയേറ്റു പ്രൊഫസർ ഇല്ല. അസിസ്റ്റൻറ് പ്രൊഫസർ ഇല്ല. ഈ ആപത്ത് ഒഴിവാക്കാൻ ഇത്തരം സ്ഥാപനങ്ങളിൽ നിയമനം നടത്തുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ കണക്ക് ശരിയാണോ എന്ന വിവരം ശേഖരിച്ചതിനുശേഷമേ പറയാൻ പറ്റുകയുള്ളൂ. ഇന്നു രാവിലത്തെ പത്രത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ പ്രസ്താവന വായിക്കുകയുണ്ടായി. മെഡിക്കൽ കോളേജുകളിൽ 6:1 എന്ന അനുപാതത്തിൽ നഴ്സുമാരെ പോസ്റ്റു ചെയ്താലും അതിനിടയ്ക്ക് മെറ്റേർണിറ്റി ലീവ്, കാഷ്വൽ ലീവ് ഇങ്ങനെയൊക്കെ വരുന്നതിനാൽ ഏതു സമയത്തും ഡെഫിസിറ്റ് നിലനിൽക്കും. അതുപരിഹരിക്കണമെങ്കിൽ റിസർവ്വ് ഡ് ഹാൻഡ്സിനെ കൊടുക്കണം. ആ ഏർപ്പാട് ഉണ്ടായിട്ടില്ല. മാറ്റുചില ഹയർ പോസ്റ്റുകളിലേക്ക് നിയമനം നടത്താൻ യോഗ്യരായ ആളുകളും ഇല്ല. അതു പോലെതന്നെ പത്തുനൂറു ആളുകളും ബസ്സിൽ

LIBRARY ARCHIVES Kerala Legislative Assembly

സഞ്ചരിച്ച് അപകടം വന്നാൽ അതിനുവേണ്ട സ്റ്റാഫിനെ മുഴുവൻ സജ്ജമാക്കിനിറുത്തുക എന്നുപറഞ്ഞാൽ വിഷമമാണ്. അങ്ങനെയുള്ള എമർജൻസി വരുമ്പോൾ മറ്റു സ്ഥലങ്ങളിലുള്ളവരെയും വിളിക്കാറുണ്ട്, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് ഓർത്തോപീഡിക് സർജൻസിനെ വരുത്തിയിട്ടാണു അത്യാവശ്യകാര്യങ്ങൾ നിർവ്വഹിച്ചത്".

ശ്രീ. പി. സി. ജോസഫ്: സാമ്പത്തിക പരാധീനതകൊണ്ട് ആവശ്യത്തിനു അത്രയും സ്റ്റാഫിനെ നിയമിക്കാൻ കഴിഞ്ഞിട്ടില്ലെന്നു മന്ത്രി പറഞ്ഞു. ഇന്നു നിലവിലുള്ള സ്റ്റാഫിനെത്തന്നെ അശാസ്ത്രീയമായ രീതിയിലാണ് ആശുപത്രികളിൽ നിയമിച്ചിരിക്കുന്നത് എന്ന ആക്ഷേപം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വ്യക്തമായി ഇങ്ങനെയുള്ള ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചാൽ കൃത്യമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനു തയ്യാറാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: അശാസ്ത്രീയമായിട്ടാണെന്ന് ഇതേവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യക്തമായി ബോധ്യപ്പെടുത്തുകയാണെങ്കിൽ നിശ്ചയമായും നടപടി സ്വീകരിക്കുന്നതാണ്.

ഡോ: ജോർജ് മാത്യു: താലൂക്കാശുപത്രികളിൽ സാധാരണ 100 കിടക്കകൾ അനുവദിച്ചിട്ടുള്ളിടത്ത് 200 ഓളം രോഗികളെ കിടത്തുന്നുണ്ട്. നഴ്സുമാരുടെ അപര്യാപ്തതയാണ് ഏറ്റവും വലിയപ്രശ്നം. അതിനു വേണ്ടി താലൂക്കാശുപത്രികളിൽ കൂടി നഴ്സിംഗ് പരിശീലനത്തിന് സാധ്യത ഉണ്ടാക്കുകയാണെങ്കിൽ, ചുരുങ്ങിയത് പത്തോ ഇരുപതോ നഴ്സുമാരെ എങ്കിലും എടുത്താൽ അവരുടെ സേവനം കിട്ടും. കൂടുതൽ നഴ്സുമാരുടെ സേവനം നാട്ടിനു ലഭിക്കുകയും ചെയ്യും. അതിനുള്ള സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റു ശ്രദ്ധിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: താലൂക്കാശുപത്രികളിൽ ഇത്തരം ഏർപ്പാട് ഗവൺമെന്റ് ഇപ്പോൾ ചെയ്തിട്ടില്ല. അതിനു നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം വേണം, പുത്തനായിതുടങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാമ്പത്തികസൗകര്യം വേണം. ഇതെല്ലാം വച്ചു കൊണ്ട് പെട്ടെന്നു തീരുമാനം എടുക്കാൻ കഴിയുകയില്ല. ഇന്നുള്ള നഴ്സിംഗ്സ്ക്കൂളുകളിൽ കഴിയുന്നതും സ്ട്രെംഗ്ത് വർദ്ധിപ്പിക്കാൻ നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: തിരുവനന്തപുരം മെഡിക്കൽകോളേജിൽ ഡെന്റൽ ഡിപ്പാർട്ടുമെന്റിൽ ഓറൽ പാത്തോളജി പ്രൊഫസറും, അസിസ്റ്റന്റ് പ്രൊഫസറും ഇല്ല. പ്രൊഫസർ മരിച്ചിട്ടു രണ്ടുകൊല്ലമായി. അസിസ്റ്റന്റ് പ്രൊഫസർ ഇറാനിൽ ജോലിക്കുപോയി. ഇവിടെ ആളെ കിട്ടാനില്ലെന്നു മന്ത്രി പറഞ്ഞു. ഇറാനിൽ പോയ ആളെ തിരിച്ചുവിളിക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഞാൻ ഇവിടെ ഡെന്റൽ കോളേജിനെപ്പറ്റി പറഞ്ഞില്ലല്ലോ?

ശ്രീ. പി. ആർ. ഫ്രാൻസിസ്: നമ്മുടെ സംസ്ഥാനത്ത് വിദഗ്ദ്ധരായ ഡോക്ടർമാരും നഴ്സുമാരും ഇവിടെ ജോലി ഇല്ലാതെ വിദേശരാജ്യങ്ങളിലൊക്കെ പോയി ജോലി ചെയ്യുന്നു. അവരുടെ സേവനം നമ്മുടെ സംസ്ഥാനത്ത് വേണ്ടവിധത്തിൽ ഉപയോഗിക്കാൻ ഭയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: ഇപ്പോഴും വിദേശങ്ങളിൽ പോകുന്നത്, അൺ എംപ്ലോയ്ഡ് ആയിട്ടുള്ള ധാരാളം ഡോക്ടർമാരും മറ്റാളുകളും ഉള്ളതുകൊണ്ട് അവരെ അനുവദിക്കുന്നതുകൊണ്ടാണ്. സ്പെഷ്യലി സ്റ്റുകളായിട്ടുള്ളവർ പോകണമെങ്കിൽ പകരം ഇവിടെ ആള് അവയിലബിലും ആണെങ്കിൽ മാത്രമേ സാംഗ്ഷൻ കൊടുക്കുകയുള്ളൂ.

ഡോ: ജോർജ് മാത്യു: താലൂക്കാശുപത്രിയിൽ സ്റ്റാഫിന്റെ അപര്യാപ്തത, ഈ അടുത്ത ദിവസം പത്തനംതിട്ടയിൽ ദാരുണമായ ബസ് അപകടം ഉണ്ടായപ്പോഴും ആണ് കൂടുതൽ ബോധ്യമായത്. അവിടെ കുറെ സ്റ്റാഫും കേടാകാത്ത എക്സ്റേയും ഉണ്ടായിരുന്നുവെങ്കിൽ കുറെ ആളുകളുടെ ജീവൻ കൂടി രക്ഷപ്പെടുമായിരുന്നു. ഇതു പോലെയുള്ള പ്രശ്നങ്ങളും വരുമ്പോഴും പരിഹരിക്കുവാൻ സഹായകമാകത്തക്കവിധത്തിലുള്ള സംവിധാനം ഉണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഒരു ബസ്സപകടത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കാൻ ഒക്കുമോ? അവിടെയുള്ള ബെഡ് സ്ട്രെംഗ്ത് അനുസരിച്ചാണ് സ്റ്റാഫിനെ കൊടുക്കാറുള്ളത്.

ശ്രീ. വി. ഈച്ചരൻ: നമ്മുടെ ആശുപത്രികളിലും മെഡിക്കൽകോളേജ് ആശുപത്രികളിലും എത്ര നഴ്സുമാരുടെ ഒഴിവുകളം ഉണ്ടെന്നു പറയാമോ?

ശ്രീ. കെ. പി. പ്രഭാകരൻ: മെഡിക്കൽകോളേജ് ആശുപത്രികളിൽ സ്റ്റാഫ് നഴ്സിന്റെ ഒഴിവ് ഇല്ലെന്നു ഞാൻ പറഞ്ഞു. ഉള്ള ആളുകളം ലീവ് എടുത്തതിന്റെ ഫലമായിട്ടു ചില ദിവസങ്ങളിൽ ആളുകളം കുറവുണ്ടായിരിക്കും. മെഡിക്കൽകോളേജുകളിൽ അനുവദിച്ചിട്ടുള്ള നഴ്സുമാരുടെ പോസ്റ്റു കംപ്ലീറ്റായി ഫില്ലപ്പ് ചെയ്തിട്ടുണ്ട്.

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളം

*697 [758] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:
,, എം. പി. ഗംഗാധരൻ:
,, ജി. പി. മംഗലത്തുമഠം:
,, വി. ഈച്ചരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായങ്ങൾ സുഗമമായി ലഭിക്കുന്നതിന് പബ്ലിക്ക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെ ഒരു സ്റ്റാറ്റ്യൂട്ടറി അതോറിട്ടിയാക്കി മാറ്റുവാനുള്ള വല്ല നിർദ്ദേശവും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണ്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദുകോയ):

(എ) ഒരു വാട്ടർ ആൻഡ് സാനിറ്റേഷൻ ബോർഡ് രൂപീകരിക്കാൻ നടപടി എടുത്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly